ഇ എം എസ് നിർണ്ണയിച്ച കുമാരനാശാന്റെ 'വർഗ്ഗാടിസ്ഥാനം'

> എഴുത്തച്ഛനും ആശാനും തമ്മിൽ - ജാതി - ജന്മി - നാടുവാഴി മേധാവിത്വത്തിന്റെയും ബൂർഷ്വാ പരിവർത്തനത്തിന്റെയും കാലഘട്ടങ്ങളിലെ കവിതകൾ തമ്മിൽ- അരഡസൻ നൂറ്റാണ്ടുകളുടെ അന്തരമാണുള്ളത്. (*ഇ എം എസ് നമ്പൂതിരിപ്പാട്,* തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, കേരള സാഹിത്യ അക്കാദമി, first edition 1990, reprint 1998)

ഒന്നും രണ്ടുമല്ല, അരഡസൻ നൂറ്റാണ്ടുകൾ പതിനഞ്ചാം നൂറ്റാണ്ടിന്റെ പാതിമുതൽ പതിനാറാം നൂറ്റാണ്ടിന്റെ പാതിവരെയുള്ള കാലമാണ് എഴുത്തച്ഛന്റെ ജീവിതകാലമായി പരിഗണിക്കപ്പെടുന്നത്. 1873-1924 കാലത്ത് ജീവിച്ച കുമാരനാശാനും എഴുത്തച്ഛനും തമ്മിൽ ആറുനൂറ്റാണ്ടിന്റെ അന്തരം നമ്പൂതിരിപ്പാട് കാണുന്നത് ഏതു കാലഗണനവെച്ചാണാവോ. നമ്പൂതിരിപ്പാടിന്റെ കാലഗണന മരമണ്ടൻ ഗണനയാണ്. പന്ത്രണ്ടാം നൂറ്റാണ്ട് കേരളഫ്യൂഡലിസത്തിന്റെ (അങ്ങനെയൊന്നില്ലെന്നും ഇ എം എസ് ആണയിട്ടിട്ടുണ്ട്) ഏറ്റവും ഉയർന്ന കാലമെന്നൊരു പ്രമേയം നമ്പൂതിരിപ്പാട് പലയിടത്തും ആവർത്തിക്കുന്നുണ്ട്. അന്നാണത്രെ മലയാളം രൂപംകൊണ്ടത്. ഫ്യൂഡലിസത്തിന്റെ പുരോഗമനപരമായ കാര്യങ്ങളെ അവിടെക്കൊണ്ടിടേണ്ട ബാദ്ധ്യത നമ്പൂതിരിപ്പാടിനുണ്ട്. നമ്പൂതിരിപ്പാടിന്റെ നിലപാടുപ്രകാരം ഫ്യൂഡൽ പുരോഗമനക്കാരായ ചെറുശ്ശേരിയും എഴുത്തച്ഛനുമൊക്കെ കുറെ പിന്നോട്ടു മാറുന്നത് അതിന്റെ പേരിലാണ്. മലയാള ഭാഷയുടെ വികാസത്തെപ്പറ്റി പറയുമ്പോൾ നമ്പൂതിരിപ്പാട് പറയും പോലെ:

> ചരിത്രത്തിൽ രണ്ടുമൂന്ന് നൂറ്റാണ്ടുകളുടെ വ്യത്യാസമൊരു വ്യത്യാസമല്ലല്ലോ.(*മലയാളഭാഷ- കേരളപാണിനിയുടെ കാലത്തും അതിനുശേഷവും*, 1989, പ്രബന്ധങ്ങൾ, 239)

മലയാളഭാഷയുടെ ഉദ്ഭവം, കേരള ചരിത്രം എന്നിവയുമായി ബന്ധപ്പെട്ടുള്ള ഇ എം എസ് കാലഗണനാരീതിയെപ്പറ്റി ജാതി-ജന്മി-നാടുവാഴി മേധാവിത്വമെന്ന ഇഎംഎസ്സിത്തെപ്പറ്റിയുള്ള ഒരു പോസ്റ്റിൽകൂടുതലായി പറയും.

സാഹിത്യത്തെ സംബന്ധിച്ച് ഇ എം എസ് നമ്പൂതിരിപ്പാട് എഴുതിയതു വായിക്കുമ്പോൾ മാർക്സിസ്റ്റ് സാഹിത്യ നിരൂപണമെന്നത് എഴുത്തുകാരെ വർഗ്ഗം തിരിക്കലാണോ എന്നു സംശയം തോന്നും. ഇയ്യാൾ ഫ്യൂഡൽ, അയാൾ ബൂർഷ്വാ, അതിനപ്പുറത്തെ ആൾ പിന്തിരിപ്പൻ ഫ്യൂഡൽ മൂരാച്ചി സംഭോഗശൃംഗാരി, കാമവെറിയൻ (വെൺമണിയെപ്പറ്റി പറയുമ്പോൾ നമ്പൂതിരിപ്പാട് തീത്തുപ്പും), ലൈംഗികവൈകൃതം പരോക്ഷമായി ആസ്വദിക്കുന്നവൾ (അരുന്ധതി റോയിയെപ്പറ്റി, അതുകണ്ടതുമുതലാണ് ഈ ബ്ലോഗെർക്ക് ഇ എം എസ്സിനോട് ഇത്ര ഇഷ്ടം തോന്നിത്തുടങ്ങിയത്).

വർഗ്ഗനിർണ്ണയമാണ് മാർക്സിസ്റ്റ് നിരൂപണത്തിന്റെ ജീവൻ എന്നാണ് ഇ എം എസ് പറയുന്നത്.

പക്ഷേ അതുകൊണ്ടു മാത്രം ഒരു നിരൂപണരീതി മാർക്സിസ്റ്റാവുകയില്ല. എന്തുകൊണ്ടെന്നാൽ, തൊഴിലാളി വർഗത്തിന്റെ ദൃഷ്ടികോണിലൂടെ വർഗസമരം വളർന്നുവരുന്നതിന്റെ യഥാർത്ഥമായ ഒരു ചിത്രം വരച്ചുകാട്ടുകയും അതിന്റെ അടിസ്ഥാനത്തിൽ കവികളെയും അവരുടെ കൃതികളെയും വിലയിരുത്തുകയും ചെയ്യലാണ് മാർക്സിസ്റ്റ് നിരൂപണത്തിന്റെ ജീവൻ. (*കുമാരനാശാന്റെ സാമൂഹ്യവീക്ഷണവും കവിതയും*, 1974, പ്രബന്ധങ്ങൾ, 165)

മാക്സിം ഗോർക്കിയുടെ ഒന്നോ രണ്ടോ ലേഖനങ്ങളിൽനിന്ന് മാർക്സിസ്റ്റ് സാഹിത്യ സിദ്ധാന്തം പഠിച്ച ഇ എം എസ്സ് പറയുന്നത് ഗ ൌരവത്തിലെടുക്കേണ്ട കാര്യമില്ല. എന്നാൽ നമ്പൂതിരിപ്പാട് ഫലിതങ്ങൾ കിട്ടുന്ന മുറയ്ക്ക് ആസ്വദിക്കുന്നതിൽ തെറ്റില്ലല്ലോ. കുമാരനാശാനെ നമ്പൂതിരിപ്പാട് വിവിധ കാലങ്ങളിൽ എങ്ങനെയൊക്കെ വർഗ്ഗം തിരിച്ചു എന്നതാണ് ഇത്തവണത്തെ ഫലിതം.

പഴയ ഫ്യൂഡൽ സംസ്കാരം നിലനില്ക്കുമ്പോൾത്തന്നെ പുതിയ ബൂർഷ്വാസംസ്കാരം കരുപ്പിടിച്ചു. രണ്ടിന്റെയും സന്ദേശവാഹകർ പലപ്പോഴും ഇണങ്ങിപ്രവർത്തിക്കുക മാത്രമല്ല, ചിലപ്പോൾ ഒരേ വ്യക്തിയിൽത്തന്നെ രണ്ടിന്റെയും സ്വഭാവം പ്രകടമാക്കുകകൂടി ചെയ്തു. ഇതിന്റെ ഉജ്ജ്വലമായ രണ്ടുദാഹരണങ്ങളാണ് കുമാരനാശാൻ, വള്ളത്തോൾ എന്നീ രണ്ട് മഹാകവികൾ. സാമൂഹ്യചുറ്റുപാട്, സാംസ്കാരികമായ പരിശീലനം എന്നിവ മ ൌലികമായി രണ്ടുപേർക്കും ഒന്നുതന്നെ- ഹൈന്ദവതയിൽ അലിഞ്ഞുചേർന്ന ഫ്യൂഡൽ സംസ്കാരം. ഇതിന്റെ പ്രതിഫലനം രണ്ടുപേരുടെയും ആദ്യകാല കൃതികളിൽ കാണുകയും ചെയ്യാം. എന്നാൽ, രണ്ടുപേരുടെയും സാഹിത്യരചനാ ചരിത്രത്തിൽ ഒരു ഘട്ടമെത്തുമ്പോഴേക്ക് ഇരുവരുടെയും സാംസ്കാരികസ്വഭാവവും കൃതികളുടെ ഉള്ളടക്കവും മാറി. വീണപൂവു തൊട്ട് അവസാനംവരെ ആശാന്റെ, സാഹിത്യമഞ്ജരിതൊട്ട് വള്ളത്തോളിന്റെ- ഈ രണ്ടിനത്തിലും പെട്ട കവികൃതികളെ പഴയവയുമായി താരതമ്യപ്പെടുത്തിനോക്കുക. ഇരുവരുടെയും സാഹിത്യകാരവ്യക്തിത്വത്തിൽ മ ൌലികമായ മാറ്റം വന്നിട്ടുള്ളതായി കാണാം. ഇരുവരുടെയും ജീവിതത്തിലും സാഹിത്യസംരംഭങ്ങളിലും വന്ന ഈ മാറ്റം കണക്കിലെടുത്തിട്ടല്ലാതെ അവരെ വിലയിരുത്താൻ ശ്രമിക്കുന്നത് ആസ്വാദകരെയും നിരൂപകരെയും തെറ്റായ മാർഗ്ഗങ്ങളിലെക്ക് നയിക്കുകയേയുള്ളൂ. അതാണ് മാർക്സിസ്റ്റുകാരല്ലാത്ത നിരൂപകരിൽ അധികംപേർക്കും ഉള്ള ദ ൌർബല്യം. ആശാനിലും വള്ളത്തോളിലുമുണ്ടായ ഈ മാറ്റത്തിനു കാരണമെന്ത്? കുലീനഫ്യൂഡൽവർഗ്ഗങ്ങളിൽനിന്നും വിദേശീയ ബൂർഷ്വാമേധാവികളിൽനിന്നും സ്വതന്ത്രമായി ബൂർഷ്വാവർഗ്ഗം ക്രമേണ ഇവിടെ വളർന്നുകൊണ്ടിരുന്നു. അതിന്റെ ചിന്താഗതികൾ

> പ്രതിഫലിക്കുന്ന ഒരു ബുദ്ധിജീവിഭാഗം രൂപം കൊള്ളുകയായിരുന്നു. ഹൈന്ദവമേധാവിത്വത്തിലുള്ള കുലീനഫ്യൂഡൽ സംസ്കാരത്തിനെതിരായി കലാപക്കൊടി ഉയർത്തിയിട്ടുള്ള ഒരു ബൂർഷ്വാവർഗ്ഗത്തിന്റെ പ്രതിനിധികളായി ആശാനും വള്ളത്തോളും മാറാൻ തുടങ്ങിയിരുന്നു.
>
> അതേ അവസരത്തിൽ, ബൂർഷ്വാവളർച്ചയുടെ അനുപേക്ഷണീയഫലമായി രൂപംകൊള്ളുകയും വളരുകയും ചെയ്യുന്ന തൊഴിലാളിവർഗ്ഗത്തിന്റെയും മറ്റ് അദ്ധ്വാനിക്കുന്ന ബഹുജനങ്ങളുടെയും വികാരവിചാരങ്ങൾക്കുകൂടി അവ്യക്തമായ രൂപം നല്കാൻ ഈ മഹാകവികൾക്കു കഴിഞ്ഞിരുന്നു. (*സാഹിത്യകാരന്റെ പ്രതിഭയും സമൂഹവും*, 1984, പ്രബന്ധങ്ങൾ, 277-78)

ഇവിടെ ഇ എം എസ് പറയുന്ന പ്രകാരം ആശാൻ (വള്ളത്തോളും) തുടക്കത്തിൽ ഫ്യൂഡൽ സംസ്കാരത്തിന്റെ പ്രതിനിധിയാണ്. വീണപൂവ് മുതൽ പക്ഷേ മാറ്റം തുടങ്ങുന്നു. 'ഹൈന്ദവമേധാവിത്വത്തിലുള്ള കുലീനഫ്യൂഡൽ സംസ്കാരത്തിനെതിരായി കലാപക്കൊടി ഉയർത്തിയിട്ടുള്ള ഒരു ബൂർഷ്വാവർഗ്ഗത്തിന്റെ പ്രതിനിധി'യായാണ് മാറ്റം. അവിടെയും നില്ക്കാതെ 'അദ്ധ്വാനിക്കുന്ന ബഹുജനങ്ങളുടെയും വികാരവിചാരങ്ങൾക്കുകൂടി അവ്യക്തമായ രൂപം നല്കാൻ' ഈ മഹാകവികൾക്കു കഴിഞ്ഞിരുന്നു.

> ജാതി-നാടുവാഴി മേധാവിത്വത്തിന്റെ സംസ്കാരം കേരളത്തിലെ സാധാരണജനങ്ങൾക്കിടയിൽ എത്തിച്ച എഴുത്തച്ഛനെപ്പോലെ പിന്നീട് ഉയർന്നുവരാൻ തുടങ്ങിയ ബൂർഷ്വാ സംസ്കാരത്തിന്റെ പ്രാതിനിധ്യം വഹിച്ചുകൊണ്ടാണ് ആശാൻ രംഗപ്രവേശം ചെയ്തത്. (*എഴുത്തച്ഛൻ, ആശാൻ, ചങ്ങമ്പുഴ*, പ്രബന്ധങ്ങൾ, 255)

> കുമാരനാശാന്റെ വർഗ്ഗം വളർന്നുകൊണ്ടിരുന്ന ബൂർഷ്വാസിയായിരുന്നു. അതുകൊണ്ടാണ് മുണ്ടശ്ശേരി മാസ്റ്റർ ആശാനെ വിപ്ലവത്തിന്റെ ശുക്രനക്ഷത്രം എന്നു വിളിച്ചപ്പോൾ ഭേദഗതി ഞാൻ നിർദ്ദേശിച്ചത്. അപൂർണ്ണമായ ബൂർഷ്വാ വിപ്ലവത്തിന്റെ ശുക്രനക്ഷത്രം. (പ്രബന്ധങ്ങൾ, 292)

നേരത്തേ ഫ്യൂഡൽ പാരമ്പര്യത്തിൽനിന്നു വന്നെന്നു പറഞ്ഞ ആശാൻ ഇവിടെ ബൂർഷ്വ ആയി. അപൂർണ്ണമായ വിപ്ലവത്തിന്റെയെങ്കിലും ശുക്രനക്ഷത്രം തന്നെ.

> താൻ ജീവിച്ചിരുന്ന കാലത്ത് കേരളത്തിൽ അതിവേഗം വളർന്നുകൊണ്ടിരുന്ന ബൂർഷ്വാസിയുടെ ഒരു പ്രതിനിധി ആയിരുന്നു ആശാൻ. നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ടു കിടക്കുന്ന പിന്നോക്കസമുദായങ്ങളിൽ ഒന്നിൽനിന്നു [ഈഴവസമുദായത്തിൽനിന്ന് എന്നാണ് നമ്പൂതിരിപ്പാട് ഉദ്ദേശിക്കുന്നത്] മുയർന്നുവരുന്ന ബൂർഷ്വാസിയുടെ, വിശേഷിച്ചു ഈ വർഗത്തിനുള്ള, എല്ലാ മേന്മകളും കുറവുകളും അദ്ദേഹത്തിൽ പ്രതിഫലിച്ചിരുന്നു. വൈയക്തികതയെ മിക്കവാറും പൂർണ്ണമായി പ്രതിഫലിപ്പിക്കുന്ന ശൈലി, രചന, പദപ്രയോഗം മുതലായവ ഉൾപ്പെടെ ആശാൻ കവിതയ്ക്കുള്ള എല്ലാ ഗുണങ്ങളുടെയും ദോഷങ്ങളുടെയും ഉറവിടം ആശാന്റെ വ്യക്തിത്വത്തിനും കൃതികൾക്കുമുള്ള ഈ ബൂർഷ്വാസ്വഭാവമത്രെ. (*കുമാരനാശാന്റെ സാമൂഹ്യവീക്ഷണവും കവിതയും*, 1974, പ്രബന്ധങ്ങൾ, 166)

ആദ്യത്തെ ഉദ്ധരണിയിലെ ഫ്യൂഡൽ സാമൂഹ്യചുറ്റുപാട്, സാംസ്കാരികമായ പരിശീലനം എന്നിവ ഇവിടെ ബൂർഷ്വാ ആയി മാറിയിട്ടുണ്ട്.

ഈഴവ സമുദായത്തിൽനിന്ന് വളർന്നുവരാൻ തുടങ്ങിയ ഒരു ബൂർഷ്വാവർഗ്ഗത്തിലെ അംഗമായ കുമാരനാശാന് ഫ്യൂഡൽ സാമൂഹ്യചുറ്റുപാട് ഉണ്ടാവുക സാദ്ധ്യമാണോ അല്ലയോ എന്നത് ഈ ബ്ലോഗെറെ സംബന്ധിച്ചിടത്തോളം വലിയ കാര്യമല്ല. പക്ഷേ ഇ എം എസ്സിനെ സംബന്ധിച്ചിടത്തോളം ഇതാണ് മൌലികമായ പ്രശ്നം. അതിലേക്കു വീണ്ടും വരാം.

> നാരായണപിള്ളയും ശങ്കരനും ചൂണ്ടിക്കാണിക്കുന്നതുപോലെ ആശാൻ ഒരു വിപ്ലവകാരിയല്ല. പതുക്കെ പതുക്കെയും ഭാഗികമായും പരിവർത്തനങ്ങൾ വരുത്തുകയെന്ന കാഴ്ചപ്പാടാണ് അദ്ദേഹത്തിനുള്ളത്. (ഇതുതന്നെ ബൂർഷ്വാസിയുടെ സ്വഭാവമാണ്. താരതമ്യേന കൂടുതൽ തീവ്രവാദികളെന്നറിയപ്പെടുന്ന ബൂർഷ്വാവിഭാഗങ്ങൾപോലും സർവതോമുഖമായ ഒരു സാമൂഹ്യ-രാഷ്ട്രീയ വിപ്ലവത്തെ ഭയപ്പെടുന്നു. അപ്പോൾ താരതമ്യേന കൂടുതൽ മിതവാദികളായ വിഭാഗത്തിന്റെ കാര്യം പറയാനുമില്ലല്ലോ.) എന്നാൽ സർവതോമുഖമായ ഒരു സാമൂഹ്യ-രാഷ്ട്രീയ വിപ്ലവത്തിലൂടെ അല്ലാതെ മോചനമില്ലാത്ത ഒരു വിഭാഗത്തിന്റെ വക്താവാണ് ആശാൻ. മിശ്രവിവാഹത്തോളമെത്തുന്ന സാമൂഹ്യപരിവർത്തനങ്ങൾ; വിദേശ മേധാവിത്വവും രാജവാഴ്ചയും അവസാനിപ്പിച്ച് പൂർണ്ണജനാധിപത്യം സ്ഥാപിക്കലിൽ ചെന്നെത്തുന്ന രാഷ്ട്രീയപരിവർത്തനങ്ങൾ, നാട്ടിൻപുറങ്ങളിലെ പട്ടിണിപ്പാവങ്ങളെ ചൂഷണത്തിൽനിന്നു മോചിപ്പിക്കാനുതകുന്ന സാമ്പത്തിക പരിവർത്തനങ്ങൾ- ഇതെല്ലാം കൂട്ടിയിണക്കിക്കൊണ്ടുള്ള ഒരു സമഗ്രവിപ്ലവം, പിന്നോക്കസമുദായങ്ങളിലെ ബഹുജനങ്ങൾക്ക് വിശേഷിച്ചും, ആണ് ആവശ്യമായിരുന്നത്. ഇതിനേറ്റതായ കാഴ്ചപ്പാട് ആശാനില്ലായിരുന്നു. ഈ പരിതഃസ്ഥിതിയിൽ, ശുഭപ്രതീക്ഷാനിർഭരമായ കാഴ്ചപ്പാടോടെ മുന്നോട്ടു പോവുകയെന്ന അർത്ഥത്തിൽ റൊമാന്റിക് സാഹിത്യത്തിന്റെ പ്രതിനിധിയാവാൻ അദ്ദേഹത്തിനു കഴിയാതെപോയതിൽ ആശ്ചര്യപ്പെടാനൊന്നുമില്ല. ഇതാണ് യഥാർത്ഥത്തിൽ ആശാൻ കൃതികൾക്കുള്ള വിഷാദാത്മകതത്വത്തിന്റെ ഉറവിടം. (പ്രബന്ധങ്ങൾ,167)

വിലക്ഷണമായ വാക്യങ്ങൾ, നിരർത്ഥകമായ കുത്തും കോമയും ഒക്കെ ഉറവിടത്തിലേതു തന്നെ.

> ആശാനും വള്ളത്തോളും രണ്ടുപേരും ബൂർഷ്വാ ജനാധിപത്യപ്രസ്ഥാനത്തിന്റെ സന്ദേശവാഹകന്മാരാണ്. [...] ഈ വർഗ്ഗസ്വഭാവമാണ് രണ്ടുപേരുടെയും കൃതികൾക്കുള്ള മേന്മയ്ക്കന്നതുപോലെ കുറവുകൾക്കും അടിസ്ഥാനമായി നില്ക്കുന്നത്. തങ്ങൾ പ്രാതിനിധ്യം വഹിക്കുന്ന ബൂർഷ്വാജനാധിപത്യപ്രസ്ഥാനത്തിന്റെ ചരിത്രപ്രാധാന്യം കിടക്കുന്നത് അധ്വാനിക്കുന്ന ബഹുജനങ്ങളെ സമരരംഗത്തിൽ ഇറക്കുന്നു എന്നതാണെന്ന പരമാർത്ഥം കാണാൻ രണ്ടുപേർക്കും കഴിയുന്നില്ല. (*വള്ളത്തോൾക്കവിതകളും ദേശീയപ്രസ്ഥാനവും*, 1957, പ്രബന്ധങ്ങൾ, 73-74)

"തൊഴിലാളിവർഗ്ഗത്തിന്റെയും മറ്റ് അദ്ധ്വാനിക്കുന്ന ബഹുജനങ്ങളുടെയും വികാരവിചാരങ്ങൾക്കുകൂടി അവ്യക്തമായ രൂപം നല്കാൻ ഈ മഹാകവികൾക്കു കഴിഞ്ഞിരുന്നു" എന്ന മുകളിൽ ഉദ്ധരിച്ച ഭാഗം ഇതിനോടു ചേർത്തു വായിക്കുക.

കലാപകാരിയും അപൂർണ്ണ വിപ്ലവത്തിന്റെ (കുറച്ചു താഴെയായി പറയുന്ന വിധത്തിൽ വിപ്ലവത്തിന്റെ തന്നെയും) ശുക്രനക്ഷത്രവും ആയ ആശാൻ വിപ്ലവവിരുദ്ധനും ആയിരുന്നു! ഇ എം എസ്സിന്റെ പതിവ് വൈരുദ്ധ്യവാദം തന്നെ. വിപ്ലവകാരിയായിരുന്നില്ല എന്നു പറഞ്ഞാലും അരവിപ്ലവകാരിയായിരുന്നു. അപൂർണ്ണമായ വിപ്ലവത്തിന്റെ ശുക്രനക്ഷത്രമെന്നു പറയുമ്പോഴും അത്രയേ അർത്ഥമുള്ളൂ. പാതി ഫ്യൂഡൽ, പാതി ബൂർഷ്വാ.ഇങ്ങനെ വർഗ്ഗംതിരിക്കുന്നതിൽ എന്തുകാര്യമെന്നു വിവരദോഷികൾ ചോദിച്ചേക്കുമെന്ന് മുൻകൂട്ടി കണ്ട് ഇ എം എസ് ഉത്തരം പറഞ്ഞതു കണ്ടില്ലേ. പോരെങ്കിൽ വീണ്ടുമിതാ.

> ...ഓരോ കലാകാരനെയും വർഗാടിസ്ഥാനത്തിൽ പരിശോധിക്കുക എന്നുള്ളതാണ് മാർക്സിസത്തിന്റെ അടിസ്ഥാനം. സാമൂഹ്യാടിസ്ഥാനം പരിശോധിച്ചാൽ അതാത് സാഹിത്യകാരൻ ജീവിക്കുകയും വളർന്നു വരികയും ചെയ്ത സമൂഹത്തിന്റെ സ്വഭാവം നോക്കി ആ സമൂഹത്തിന്റെ സൃഷ്ടിയാണ് സാഹിത്യകാരൻ എന്നുള്ള നിലക്ക് ആ സമൂഹത്തിന്റെ യാഥാർത്ഥ്യം എത്രത്തോളം പ്രതിഫലിച്ചിട്ടുണ്ട് എന്ന് പരിശോധിക്കുകയാണ് സോഷ്യോളജിക്കൽ ക്രിട്ടിസിസം. അതിന്റെ പൂർണ്ണരൂപമാണ് മാർക്സിയൻ ക്രിട്ടിസിസം. അതിനെ മറ്റുള്ളവയിൽനിന്ന് വേർതിരിക്കുന്നത് കലാകാരന്റെ വർഗാടിസ്ഥാനം കൂടി പരിശോധിക്കുന്നു എന്നുള്ളതാണ്. വർഗാടിസ്ഥാനത്തിൽകൂടി നോക്കിയാണ് ആശാനെയും മറ്റുപലരെയും കുറിച്ചുള്ള ലേഖനങ്ങൾ ഞാനെഴുതിയത്. (*സംസ്കാരം, സാഹിത്യം, രാഷ്ട്രീയം, പ്രബന്ധങ്ങൾ*, 292-93)

ആശാന്റെ വർഗ്ഗാടിസ്ഥാനം നിർണ്ണയിക്കാൻ നമ്പൂതിരിപ്പാട് പലകാലങ്ങളിലായി വളരെയേറെ യത്നിച്ചിട്ടുണ്ട് എന്നു മുകളിലെ ഉദ്ധരണികൾ കാണിക്കുന്നു. എന്നാൽ 'മാർക്സിസ്റ്റ് നിരൂപണത്തിന്റെ ജീവൻ' എന്നു പറയുന്ന ഈ വിഷയത്തിൽ നമ്പൂതിരിപ്പാട് വിജയിച്ചോ? ഇല്ല. ഈ ജീവന്മരണ പ്രശ്നത്തിൽ അദ്ദേഹം ദയനീയമായി പരാജയപ്പെടുന്നു. ഈഴവ വർഗ്ഗത്തിൽനിന്നുയർന്നുവന്ന ബൂർഷ്വാവർഗ്ഗത്തിന്റെ പ്രതിനിധിയെന്നു പറയുന്ന ആശാനെപ്പറ്റി ആദ്യത്തെ ഉദ്ധരണിയിൽ കാണുന്ന വിധത്തിലും അല്ലാതെയും ഫ്യൂഡൽ വർഗ്ഗത്തിലെ അംഗമെന്നും പറഞ്ഞിട്ടുണ്ട് നമ്പൂതിരിപ്പാട്.

> ...മുതലാളിത്തപൂർവ്വ ഫ്യൂഡൽസമൂഹത്തിലംഗമായി സാഹിത്യത്തിലേക്കു കടന്നുവന്ന ആദ്യകാലത്തെ ആശാൻ

വീണപൂവുതൊട്ടുള്ള കൃതികൾ രചിക്കാൻ തുടങ്ങിയത് പുതിയ ഒരു (ബൂർഷ്വാ) വ്യക്തിത്വത്തോടെയാണ് (പ്രബന്ധങ്ങൾ, 280)

മുകളിൽക്കൊടുത്ത ഒരുദ്ധരണി ഇതിനു നേരേ ചേർത്തുവെയ്ക്കട്ടെ.

ജാതി-നാടുവാഴി മേധാവിത്വത്തിന്റെ സംസ്കാരം കേരളത്തിലെ സാധാരണജനങ്ങൾക്കിടയിൽ എത്തിച്ച എഴുത്തച്ഛനെപ്പോലെ പിന്നീട് ഉയർന്നുവരാൻ തുടങ്ങിയ ബൂർഷ്വാ സംസ്കാരത്തിന്റെ പ്രാതിനിധ്യം വഹിച്ചുകൊണ്ടാണ് ആശാൻ രംഗപ്രവേശം ചെയ്തത്. (*എഴുത്തച്ഛൻ, ആശാൻ, ചങ്ങമ്പുഴ*, പ്രബന്ധങ്ങൾ, 255)

കേരളകാളിദാസനും കേരളപാണിനിയുമടക്കം സമകാലീനരായ സാഹിത്യ നായകന്മാരെ മുഴുവൻ സൃഷ്ടിച്ച ബൂർഷ്വാ നവോത്ഥാനത്തിന്റെ പൊതുചിത്രമാണ് ഇവിടെ കൊടുത്തത്. അതിനു നേതൃത്വം നല്കിയ സാംസ്കാരിക നായകന്മാരെ രണ്ടു വിഭാഗമായി വിഭജിക്കാം: ജാതി-ജന്മി-നാടുവാഴി മേധാവിത്വത്തിന്റെ തലപ്പത്തിരിക്കുന്ന കുടുംബങ്ങളിൽ ജനിച്ചവരും ആധുനിക വിദ്യാഭ്യാസത്തിലൂടെ ബൂർഷ്വാ സംസ്കാരം ഉൾക്കൊണ്ടവരുമാണ് ഒരു വിഭാഗം. അതിൽപ്പെടും കോയിത്തമ്പുരാക്കന്മാരും കൊടുങ്ങല്ലൂർ-കൊച്ചി രാജകുടുംബങ്ങളിലെ അംഗങ്ങളും മറ്റുമായ സാഹിത്യനായകന്മാർ.

രണ്ടാമത്തെ വിഭാഗക്കാരാകട്ടെ, ജാതി-ജന്മി-നാടുവാഴി സമൂഹത്തിലെ ഇടത്തരക്കാരിൽനിന്നും താഴേക്കിടയിൽനിന്നും വന്നവരാണ്. കോട്ടയത്തും കോഴിക്കോട്ടും നിന്നു പ്രസിദ്ധീകരിക്കപ്പെട്ടിരുന്ന മനോരമ, തൃശൂരെ വിദ്യാവിനോദിനി, മുതലായ ആനുകാലികങ്ങളുടെ അധിപന്മാർ; ഇന്ദുലേഖാ കർത്താവായ ചന്തുമേനോൻ; പിന്നോക്ക ജാതിക്കാരിൽനിന്നുയർന്നുവന്ന പണ്ഡിറ്റ് കറുപ്പൻ കുമാരനാശാൻ മുതലായവർ ഈ വിഭാഗത്തിൽപ്പെടുന്നു.(*മലയാളഭാഷ- കേരളപാണിനിയുടെ കാലത്തും അതിനുശേഷവും*, 1989, പ്രബന്ധങ്ങൾ, 243-44)

1989 ലെ ലേഖനം ഒരു കാര്യം വ്യക്തമാക്കുന്നു. ആദ്യ കാലത്തെ നിലപാടു തിരുത്തിയിട്ടില്ല നമ്പൂതിരിപ്പാട് ഫ്യൂഡൽ ആശാനെ ബൂർഷ്വാ ആശാനാക്കിയതോ മറിച്ചോ. ആശാൻ നമ്പൂതിരിപ്പാടിന് സമ ഊകര്യംപോലെ ഫ്യൂഡലും ബൂർഷ്വയും ആയിട്ടുണ്ട്.

ശുക്രനക്ഷത്രത്തെപ്പറ്റി കുറച്ചുകൂടി പറയേണ്ടതുണ്ട്. ഇ എം എസ് തന്റെ പതിവു രീതിയിൽ സ്വന്തം മുൻകാല കൃതികളെപ്പറ്റി മേനിനടിക്കുന്നതിന്റെ ഭാഗമായി പലയിടത്തും ഒരു ആശാൻ സ്മാരക പ്രഭാഷണത്തെപ്പറ്റി/പ്രബന്ധത്തെപ്പറ്റി പറഞ്ഞുകണ്ടതിനാൽ അതൊന്നു നോക്കാതെ ഈ പോസ്റ്റ് പ്രസിദ്ധീകരിക്കുന്നത് ശരിയല്ലെന്നു കരുതി ആ

പ്രഭാഷണം തേടിപ്പിടിച്ചു. ചിന്ത പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ച ഒരു മഞ്ഞക്കൊച്ചു പുസ്തകം. ഉദ്ദേശം 60 പേജു വരും. പ്രസാധകരുടെ ഉളുപ്പില്ലായ്മയെപ്പറ്റി വേറെ പോസ്റ്റിൽ പറയാം. മൂന്നുഭാഗമായിട്ടാണ് പ്രഭാഷണം നടത്തിയതെന്നു തോന്നുന്നു. രണ്ടാത്തെ ഭാഗത്തിന്റെ പേര് *വിപ്ലവത്തിന്റെ ശുക്രനക്ഷത്രം*. അപൂർണ്ണ വിപ്ലവത്തിന്റെയല്ല, വിപ്ലവത്തിന്റെ. മുണ്ടശ്ശേരിയെപ്പറ്റി മിണ്ടുന്നില്ല. എല്ലാം തനിക്കാക്കി ഇ എം എസ്. ആത്മീയത മുൻപ് ഉദ്ധരിച്ച ലേഖനങ്ങളിൽ ആശാന്റെ ദൌർബ്ബല്യമായിരുന്നു.

> ആശാനും വള്ളത്തോളുമടക്കം അവരുടെ തലമുറയിൽപ്പെട്ട ബൂർഷ്വാകവികളിലെല്ലാം ഒരുപോലെ കാണുന്ന ഒരു ദൌർബല്യത്തെക്കുറിച്ച് ഇവിടെ എടുത്തുപറയേണ്ടതുണ്ട്. 'ഇന്ത്യൻ സംസ്കാര'മെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഹൈന്ദവസംസ്കാരത്തിന്റേതായ ഉള്ളടക്കം. (255, പ്രബന്ധങ്ങൾ)
>
> പാശ്ചാത്യരാജ്യങ്ങളിലേതിൽനിന്നും വ്യത്യസ്തമായി ഇന്ത്യയിലെ ബൂർഷ്വാസി വളർന്നുവന്നത് ആധ്യാത്മികതയും അതിന്നാസ്പദമായ സാമൂഹ്യവ്യവസ്ഥയുമായി സന്ധി ചെയ്തിട്ടാണ്. സാമൂഹ്യവും സാംസ്കാരികവുമായ എല്ലാ മണ്ഡലങ്ങളിലും സയൻസിന്റെയും യുക്തിവാദത്തിന്റെയും കൊടിക്കൂറ പറപ്പിച്ച ബൂർഷ്വാസിക്കുപകരം ഇന്ത്യൻ ബൂർഷ്വാസി പഴഞ്ചൻ സാമൂഹ്യവ്യവസ്ഥയും മതവിശ്വാസങ്ങളുമായി ഒരു തീർപ്പുണ്ടാക്കി. ഇന്നത്തെ ഏറ്റവും പരിഷ്കൃതമായ ശാസ്ത്രീയസാങ്കേതിക മുന്നേറ്റത്തിൽ പോലും മതത്തിനും അന്ധവിശ്വാസങ്ങൾക്കും രൂപം നല്കാനുള്ള പ്രവണതയാണ് ബൂർഷ്വാസി കാണിക്കുന്നത്. ഇത് ആശാനിലും പ്രതിഫലിച്ചു. ആചാരമര്യാദകളിലും വിവാഹബന്ധങ്ങളിലുമെല്ലാം നിലവിലിരുന്ന ജാതിമേധാവിത്വത്തിന്നെതിരായി ഒരുഗ്രൻ ബോംബു പൊട്ടിച്ച (ദുരവസ്ഥ രചിച്ച) ആശാൻ മുമ്പ് നാരായണഗുരുവിന്റെ ശിഷ്യനെന്നനിലയ്ക്കു നേടിയ ആധ്യാത്മികത വിട്ടുകളയാതെ സൂക്ഷിച്ചുപോന്നു. റൊമാന്റിക് കവിതകളായി വാഴ്ത്തപ്പെടുന്ന എല്ലാ കൃതികളിലും ഇതിന്റെ നിഴലാട്ടം കാണാം. (167, പ്രബന്ധങ്ങൾ)

എന്നാൽ കേരള സർവ്വകലാശാലയിൽ പ്രഭാഷണത്തിനുപോയപ്പോൾ എന്തെങ്കിലും സെൻസേഷനലായി വേണമെന്നതുകൊണ്ടാവണം മുണ്ടശ്ശേരിയെപ്പറ്റി മിണ്ടാതെ ആശാൻ ശുക്രനക്ഷത്രമാവുന്നതും ആത്മീയതയൊക്കെ പുരോഗമനപരമാവുന്നതും.

> ജാതിമേധാവിത്തത്തിനെതിരായ കലാപത്തിൽ ഒരായുധമാണ് ആശാന്റെ ആത്മീയത. (29, ആശാനും മലയാള സാഹിത്യവും)

(ഈ ഉദ്ധരണിയുടെ മുൻപേ പോവുന്ന കാര്യം (ശ്രീ നാരായണഗുരു 'ജാതി-ജന്മി- നാടുവാഴി മേധാവിത്വ'ത്തിന്റെ സംസ്കാരം ജനങ്ങളിലെത്തിച്ച ആളാണെന്നത് ഒരുഗ്രൻ ഫലിതമാണ്. അതിനു കാരണമാവുന്ന ഇ എം എസ് വിവരക്കേടിനെപ്പറ്റി വേറൊരു പോസ്റ്റിൽ)

ആശാൻ പ്രാസവാദത്തിനെതിരാണെന്നും മറ്റും തട്ടിവിടുന്നു ഇ എം എസ്. ദുരവസ്ഥയിൽ ദ്വിതീയാക്ഷപ്രാസം അനുഷ്ഠിച്ചില്ല എന്നർത്ഥത്തിൽ വ്യക്തമായല്ലെങ്കിലും ചില പരോക്ഷ പ്രസ്താവനകളൊക്കെ നടത്തുന്നുമുണ്ട്.

> ഇത് ഒരു കാര്യം വ്യക്തമാക്കുന്നു. അന്നത്തെ വാദപ്രതിവാദത്തിൽ യാഥാസ്ഥിതികരെന്നും ഉൽപതിഷ്ണുക്കളെന്നും ഉള്ള രണ്ട് ചേരിയിൽ നിന്നവരുടെ ഇടയിൽ ആശാൻ ബുദ്ധിപരമായി നോക്കിയാൽ ദ്വിതീയാക്ഷരപ്രാസവാദത്തിനെതിരായ വാദത്തെ അനുകൂലിച്ചിരുന്നു. അതേഅവസരത്തിൽ അദ്ദേഹത്തിന്റെ ചിരപരിചയം നിമിത്തം തന്റെ കൃതികളിൽ പ്രാസനിർബന്ധം അനുസരിച്ചുപോന്നു. കവിതാരചന സംബന്ധിച്ച ഈ സാങ്കേതികവശം ഞാനിവിടെ ഒന്നു സൂചിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളു. ഇതിന്റെതന്നെ വേറൊരുവശം ദുരവസ്ഥയെക്കുറിച്ചു പറയുന്ന അവസരത്തിലെനിക്ക് പറയാൻ കാണും.
>
> (27, ആശാനും മലയാള സാഹിത്യവും)

ആ വേറൊരുവശം ഇതാ:

> ആദ്യം പ്രാസവാദത്തിന്റെ കാര്യത്തിലും അന്നു ഉല്പതിഷ്ണുചേരിയിൽനിന്നിരുന്ന രാജരാജവർമയുടെ നിർദേശങ്ങൾ നടപ്പിൽവരുത്താൻ കഴിയുന്നില്ല എന്ന് ഖേദം പ്രകടിപ്പിച്ചുകൊണ്ടുതന്നെ നളിനിയും ലീലയുമെല്ലാമെഴുതിയ ആശാനാണ് അവസാനം ദുരവസ്ഥയിലേക്കു വന്നപ്പോഴേക്കും ഈ കാവ്യസങ്കേതങ്ങൾ, കവിതാരൂപങ്ങൾ, എന്നിവയെ സംബന്ധിച്ച് തൻ പഠിച്ചുവച്ച സിദ്ധാന്തങ്ങളെയെല്ലാം മുറിച്ചുകടന്നുകൊണ്ട് ഒരു ധർമാദർശത്താൽ പ്രേരിതനായി പ്രവർതിക്കുന്നതെന്നോർകുക. (34, ആശാനും മലയാള സാഹിത്യവും)

എന്നിട്ടെന്ത്? ഈ പോസ്റ്റിൽ പിന്നീട് വായിക്കാവുന്നതുപോലെ തനിക്കൊരു കൈത്തെറ്റ് പറ്റിയെന്നു കുമ്പസാരിക്കേണ്ടിവന്നു, അഴീക്കോട് ഈ വിവരക്കേട് ചൂണ്ടിക്കാട്ടിയപ്പോൾ. കൈത്തെറ്റെന്നാണോ ഇതിനെ പറയേണ്ടത്? ദശകങ്ങൾ കുമാരനാശാനെപ്പറ്റി പ്രസംഗിച്ചുനടന്ന ഇ എം എസ് ആശാനെപ്പറ്റി അനുസ്മരണപ്രഭാഷണം നടത്താൻ പോയി ഈ വിധം വിവരക്കേടു വിളമ്പുന്നത് ഒരു കൈത്തറ്റാണോ. ഒരു യൂനിവേഴ്സിറ്റിയിൽ പോയി പ്രഭാഷണം നടത്തുകയാണ്. എന്നിട്ട് പ്രാസമൊപ്പിച്ചുള്ള കാവ്യം ദീർഘമായി ഉദ്ധരിക്കുക. എന്നിട്ടു പറയുക കവി ദ്വിതീയാക്ഷരപ്രാസത്തിനെതിരാണെന്ന്. ഇതിനു നിരക്ഷരനായ ഇ എം എസ്സിനെ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. ഇ എം

എസ്സിനെ വിളിച്ചുകൊണ്ടുവന്ന് മൂന്നുദിവസമായി പ്രഭാഷണം നടത്തിച്ച വങ്കന്മാരെയാണ് പറയേണ്ടത്.

ഇ എം എസ് സാഹിത്യനിരൂപണ രംഗത്ത് ചിലതൊക്കെ ചെയ്തിട്ടുണ്ടെന്ന് സ്വയം അവകാശപ്പെടുന്നുണ്ട്. ആദ്യമായി കേരളത്തിൽ വർഗ്ഗാടിസ്ഥാനത്തിൽ എഴുത്തുകാരെ പരിശോധിച്ചത് അദ്ദേഹമാണത്രേ. അതേ, നമ്പൂതിരിപ്പാടിനെപ്പോലെ സൈദ്ധാന്തിക മേഖലയിലെ ഒരു കോമാളിക്കേ ഇതിനൊക്കെ കഴിയൂ.
സാഹിത്യത്തെപ്പറ്റി പറയുമ്പോഴൊക്കെ നമ്പൂതിരിപ്പാട് ചീത്തവിളിക്കാനായി ഒരു പ്രമേയം സ്ഥിരം കൊണ്ടുവന്നു കാണുന്നുണ്ട്. **വെണ്മണി** എന്നാണ് ആ പ്രമേയത്തിന്റെ പേര്. അശ്ലീലം, ഭോഗാസക്തി, കാമവൈകൃതം എന്നിങ്ങനെ കുറെ പ്രയോഗങ്ങൾ ഈ പ്രമേയത്തോടു ചേർന്ന് അനിവാര്യമാണ്. ഈ പ്രമേയം ആ പേരിലറിയപ്പെട്ട കവികളെയാണോ സാഹിത്യപ്രസ്ഥാനത്തെയാണോ സൂചിപ്പിക്കുന്നതെന്നൊന്നും വ്യക്തമാക്കാൻ നമ്പൂതിരിപ്പാട് പണിപ്പെട്ടുകാണുന്നില്ല. ഏതായാലും ഈ അപ്രമേയവിലാസത്തിന്റെയും വർഗ്ഗനിർണ്ണയം ഇ എം എസ് നടത്തുന്നുണ്ട്. ജീർണ്ണിച്ച, പിന്തിരിപ്പനായ ജാതി-ജന്മി-നാടുവാഴി വ്യവസ്ഥയുടെ സൃഷ്ടി എന്നാണ് അതിനെപ്പറ്റി ചൊല്ലിപ്പഠിച്ചതും പഠിപ്പിച്ചതും.

> തുഞ്ചത്തെഴുത്തച്ഛനെയും വെൺമണിയെയും പരസ്പരം താരതമ്യപ്പെടുത്തിയാൽ സംഗതി കുറെക്കൂടി വ്യക്തമാവും. കേരളത്തിലെ ഫ്യൂഡൽ സമൂഹത്തിന്റെ പ്രതിനിധികളാണ് രണ്ടുപേരും. പക്ഷേ, ഒരാൾ (എഴുത്തച്ഛൻ) ഫ്യൂഡൽ സംസ്കാരത്തിന്റെ ശ്രേഷ്ഠമായ വശത്തിന്റെ പ്രതിനിധിയായിരുന്നു. വെൺമണിയാകട്ടെ, തകർച്ചയിലേക്ക് നീങ്ങിക്കഴിഞ്ഞ കേരള ഫ്യൂഡലിസത്തിന്റെ വികാര വിചാരങ്ങളെയാണ് പ്രതിനിധാനം ചെയ്തത്. (*ഭാവരൂപങ്ങളെപ്പറ്റി വീണ്ടും*, പ്രബന്ധങ്ങൾ, 318)

വീണ്ടും

> ഇന്ത്യയിലും ആദ്യകാലത്തെ ചാതുർവർണ്യം, പിന്നീട് രൂപംകൊണ്ട ജാതിവ്യവസ്ഥ, ഇവയ്ക്ക് ആദ്യകാലത്ത് പുതുജീവൻ ഉണ്ടായിരുന്നു. ആ കാലത്ത് സമൂഹത്തിന്റെ പുരോഗതിയെ അവ സഹായിച്ചു. പക്ഷേ, അധികം കഴിയുന്നതിനുമ്പ് ആ സമൂഹം മുരടിച്ചു. ആ സമൂഹത്തിന്റെ തലപ്പത്തിരിക്കുന്ന ഭരണവർഗങ്ങളുടെ വീക്ഷണം ജീർണ്ണമായി. ഇതാണ് എഴുത്തച്ഛനിൽനിന്ന് വെണ്മണിയിലേക്കുള്ള മാറ്റത്തിന്നടിസ്ഥാനം. ഭാഷയുടെയും രചനയുടെയും കാര്യമെടുത്തുനോക്കിയാൽ എഴുത്തച്ഛന്റേതിനെപ്പോലെതന്നെ ജനകീയമാണ് വെണ്മണിക്കൃതികളും. പക്ഷേ, എന്തുചെയ്യാം, വെണ്മണിക്കൃതികളുടെ ഉള്ളടക്കം മാറി. വടക്കേ

ഇന്ത്യയിൽ ഉയർന്നുവന്ന ഉജ്വലമായ സാംസ്കാരിക സമ്പത്ത് കേരളത്തിലെ സാധാരണക്കാർക്ക് പകർന്നുകൊടുത്ത എഴുത്തച്ഛൻ ജാതി-ജന്മി-നാടുവാഴി സമൂഹത്തിന്റെ തലപ്പത്തിരിക്കുന്നവരുടെ ഭോഗാസക്തിക്കു രൂപംനൽകുന്ന വെണ്മണിക്ക് വഴിമാറിക്കൊടുക്കേണ്ടി വന്നു. (*മലയാളഭാഷ- കേരളപാണിനിയുടെ കാലത്തും അതിനുശേഷവും*, 1989, പ്രബന്ധങ്ങൾ, 242)

ഭാഷാപരമായ ലാളിത്യം, കവിതാപരമായ മേന്മ, എന്നിവ ബൂർഷ്വാനവോത്ഥാനത്തിന്റെ സൃഷ്ടിയായിരുന്നു. എന്നാൽ അവയെത്തന്നെ ഫ്യൂഡൽ ജീർണ്ണതയുടെ പ്രകടരൂപമായ മൃഗീയ കാമവികാരം പ്രകടിപ്പിക്കുന്നതിനുപയോഗിച്ച കവികളുമുണ്ടായിരുന്നു. വെണ്മണിപ്രസ്ഥാനം അതിനുദാഹരണമാണ്. (*മലയാളഭാഷ- കേരളപാണിനിയുടെ കാലത്തും അതിനുശേഷവും*, 1989, പ്രബന്ധങ്ങൾ, 244)

അവസാനത്തെ രണ്ടും ചേർത്തു വായിക്കുമ്പോൾ (ഒരേ ലേഖനത്തിൽനിന്നാണ് രണ്ടാമത്തെയും മൂന്നാമത്തെയും ഉദ്ധരണികൾ) വെണ്മണി ഫ്യൂഡലായിരുന്നോ ബൂർഷ്വ ആയിരുന്നോ ഇനി അതല്ല എഴുത്തച്ഛൻ ബൂർഷ്വാ നവോത്ഥാനത്തിന്റെ ഭാഗമായിരുന്നോ എന്നൊക്കെ സംശയം തോന്നാം.

നമ്പൂതിരിപ്പാടിന് വെണ്മണിബാധയുണ്ടായിരുന്നെന്നു തോന്നും, വെണ്മണിയിലുള്ള ഇദ്ദേഹത്തിന്റെ താത്പര്യം കാണുമ്പോൾ. വെണ്മണിയെ പരാമർശിക്കാതെ സാഹിത്യത്തെപ്പറ്റി പറയാൻ വയ്യായിരുന്നു അദ്ദേഹത്തിന്.

രാഷ്ട്രീയവും സാഹിത്യവും സംസ്കാരവും തമ്മിലുള്ള ബന്ധമെന്തെന്ന് ചോദിച്ചാൽ അവയുടെ അടിസ്ഥാനം രാഷ്ട്രീയമാണ്. പക്ഷെ വർഗപരമായി എന്നത് പ്രത്യക്ഷത്തിൽ വരണമെന്നില്ല. കലാകാരൻമാരുടെ കലയിൽതന്നെ ഉണ്ടാവണമെന്നില്ല. പക്ഷെ കലാകാരന്റെ വ്യക്തിത്വം പുറത്തുവരുമ്പോൾ ഈ യാഥാർത്ഥ്യം പുറത്തുവരുന്നു. ഈ നിലക്ക് മലയാളസാഹിത്യമാകെ പരിശോധിക്കുന്ന സമയത്ത് ഞാൻ മൂന്നു ഘട്ടങ്ങൾ കാണുന്നു- ഒന്ന്, വെൺമണി സാഹിത്യം. രണ്ട്, ആശാൻ, ഉള്ളൂർ, വള്ളത്തോൾ, പിന്നീടുള്ള സാഹിത്യകാരൻമാർ. മൂന്ന്, ഇപ്പോഴുള്ള പൈങ്കിളിസാഹിത്യം. പൈങ്കിളി സാഹിത്യം വെൺമണി സാഹിത്യത്തിന്റെ പരിഷ്കരിച്ച സാഹിത്യ രൂപമാണ്. വെൺമണി സാഹിത്യത്തോടുള്ള കലാപമാണ് ആശാൻ 'മാംസനിബദ്ധമല്ല രാഗം' എന്ന് പറഞ്ഞപ്പോൾ ഉദ്ദേശിച്ചത്. (പ്രബന്ധങ്ങൾ, 293)

തെറ്റു തിരുത്താനുള്ള ഇ എം എസ്സിന്റെ സന്നദ്ധതയും ആർജ്ജവവും ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ പോസ്റ്റ് അവസാനിപ്പിക്കാം

ഇതവസാനിപ്പിക്കുന്നതിനുമുമ്പ് എന്റെ ലേഖനത്തിൽ പറ്റിയതും സുകുമാർ അഴീക്കോട് ചൂണ്ടിക്കാണിച്ചതുമായ തെറ്റ് ഞാൻ

സമ്മതിക്കുന്നു. കുമാരനാശാൻ ദ്വിതീയാക്ഷര പ്രാസത്തിന്റെ പക്ഷത്തായിരുന്നു. അല്ലെന്നു സൂചിപ്പിച്ചുകൊണ്ടുള്ള എന്റെ പരാമർശം ഒരു കൈത്തെറ്റായിരുന്നു. (*ഭാവരൂപങ്ങളെപ്പറ്റി വീണ്ടും*, പ്രബന്ധങ്ങൾ, 324)

ഇ എം എസ്സിന് ഒരു കൈത്തെറ്റു പറ്റി. അഴീക്കോട് അതു ചൂണ്ടിക്കാണിച്ചു. എത്ര മാന്യമായി ഇ എം എസ് അതു തിരുത്തുന്നു! എന്നാലിതാ വേറൊരു കൈത്തെറ്റ്.

**തുഞ്ചത്തെഴുത്തച്ഛൻ രാമായണത്തിന്റെയും മഹാഭാരതത്തിന്റെയും ഭാഷാരൂപാന്തരങ്ങൾ സൃഷ്ടിക്കുന്നതുവരെ, കേരളത്തിലെ ജനതയ്ക്ക് തങ്ങളുടെതായ സാഹിത്യമേ ഉണ്ടായിരുന്നില്ല.** (*സാഹിത്യവും സമൂഹവും*, പ്രബന്ധങ്ങൾ, 136)

ഈ കൈത്തെറ്റിന്റെ അർത്ഥവ്യാപ്തി വായിക്കുന്നവർ അന്വേഷിക്കാൻ താത്പര്യം.

ബൂർഷ്വാ നിയമവ്യവസ്ഥയിൽ സി പി ഐ (എം) എന് വർദ്ധിച്ചുവരുന്ന താത്പര്യത്തെപ്പറ്റിപിണറായി വിജയന്റെ വീട് എന്നു പേരുള്ള ഒരു പോസ്റ്റിൽ ഞാൻ പറഞ്ഞിട്ടുണ്ട്. ഇ എം എസ്സിനെ ഈ പോസ്റ്റിൽ കുറച്ചേറെ ഉദ്ധരിച്ചതിന്റെ പേരിൽ ഫെയർ യൂസല്ലെന്നു പറഞ്ഞ് പകർപ്പാവകാശ ലംഘനത്തിന് അവർ ഈ ബ്ലോഗെർക്കെതിരെ കേസു കൊടുക്കുമോ എന്തോ.

(ഉദ്ധരണികളുടെ ഉറവിടം
1. ഇ.എം.എസ് നമ്പൂതിരിപ്പാട്, *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ*, കേരള സാഹിത്യ അക്കാദമി,first edition 1990, reprint 1998
2. ആശാനും മലയാള സാഹിത്യവും, ഇ എം എസ് നമ്പൂതിരിപ്പാട്, ചിന്ത പബ്ലിഷേഴ്സ്, 1995)